**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 960** **29-06-2026-ൽ മറുപടിയ്ക്ക്**

**അബാൻ മേൽ പാലം, കോഴഞ്ചേരി പുതിയ പാലം എന്നിവയുടെ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അബിൻ വർക്കി കോടിയാട്ട് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ആറന്മുള മണ്ഡലത്തിൽ നിർമ്മാണത്തിലുള്ള പത്തനംതിട്ട അബാൻ മേൽ പാലം, കോഴഞ്ചേരി പുതിയ പാലം എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര നാളായെന്ന് അറിയിക്കുമോ;

**മറുപടി:**

**അബാൻ മേൽപാലം**

ആറന്മുള മണ്ഡലത്തിൽ നിർമ്മാണത്തിലുള്ള പത്തനംതിട്ട അബാൻ മേൽപാലം പ്രവൃത്തിക്ക് 10.07.2017 - ലെ സ.ഉ.(സാധാ)നം. 942/2017/PWD ഉത്തരവ് പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 29.12.2025 - ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് പ്രകാരം 72.93 കോടി രൂപയുടെ പുതുക്കിയ, സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 24.02.2021 - ൽ 46.8 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾക്കുശേഷം 14.03.2022 - ൽ ശ്രീ. എസ്. ശിവസ്വാമി എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും 24.03.2022 - ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാത്തതും, KSEB/KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുണ്ടായ കാലതാമസവും, ട്രാഫിക് നിയന്ത്രണങ്ങളിലുള്ള കാലതാമസവും കാരണമാണ് അബാൻ മേൽപ്പാല നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നത്. നിലവിൽ പ്രസ്തുത പ്രവൃത്തി 69% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. 19 (1) നോട്ടിഫിക്കേഷൻ 13/03/2026 - ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.10.2026 തീയ്യതിയിലേക്കു നീട്ടുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**കോഴഞ്ചേരി പുതിയ പാലം**

ആറന്മുള മണ്ഡലത്തിൽ ഉൾപ്പെട്ട കോഴഞ്ചേരി പുതിയ പാലം പ്രവൃത്തിയ്ക്കായ് 01.10.2016 തീയതിയിലെ സ.ഉ.(സാധാ)നം. 1496/2016/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 13.03.2024 തീയതിയിലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് പ്രകാരം 28.59 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾക്കുശേഷം കരാറിൽ ഏർപ്പെട്ട് പ്രവൃത്തി 27.12.2018 തീയതിയിൽ ആരംഭിച്ചെങ്കിലും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കാത്തതിനാൽ 21.05.2022 - ന് പ്രവൃത്തിയുടെ കരാർ ഫോർ ക്ലോസ് ചെയ്യുകയാണ് ഉണ്ടായത്. തുടർന്ന് സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് ബാലൻസ് പ്രവൃത്തിക്കു 31.05.2023 തീയതിയിൽ സാങ്കേതികാനുമതി നൽകിയിരുന്നു. ടെണ്ടർ നടപടികൾക്കുശേഷം, കരാറിൽ ഏർപ്പെടുകയും, 14/03/2024 തീയതിയിൽ കരാറുകാരൻ- M/s ശ്യാമ ഡൈനാമിക് എന്ന കരാറുകാരന് സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2025 മെയ് മാസത്തിനു ശേഷം നദിയിൽ ജലനിരപ്പ് ഉയർന്നതും, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുണ്ടായ കാലതാമസവും കാരണം പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നു. നിലവിൽ കാലാവസ്ഥ അനുകൂലമാണെങ്കിൽ രണ്ട് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

**(ബി)** ഇത്രയും നാളായി പ്രസ്തുത പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**